# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1102 10.08.2017 ൽ മറുപടിക്ക്**

**ലൈറ്റ് മെട്രോ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ലൈറ്റ് മെട്രോ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ) കേരളത്തിൽ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് 11.09.2015 - ലെ ജി. ഒ. (എം. എസ്) 74/2015/പൊ.മ.വ പ്രകാരം 6728 കോടി (തിരുവനന്തപുരം - 4219 കോടി രൂപ + കോഴിക്കോട് - 2509 കോടി രൂപ) രൂപയ്ക്ക് കേരള സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി പ്രസ്തുത പദ്ധതിയുടെ വിശദരൂപ രേഖകളും, മറ്റ് വിശദവിവരങ്ങളും സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു SPV (Special Purpose Vehicle) രൂപീകരിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം നഗരത്തിൽ ടെക്നോസിറ്റി, പള്ളിപ്പുറം, കണിയാപുരം, കഴക്കൂട്ടം, കഴക്കൂട്ടം ജംഗ്ഷൻ, കാര്യവട്ടം, ഗുരുമന്ദിരം, പാങ്ങപ്പാറ, ശ്രീകാര്യം, പോങ്ങുംമൂട്, ഉള്ളൂർ, കേശവദാസപുരം, പട്ടം, പ്ലാമൂട്, പാളയം, സെക്രട്ടറിയേറ്റ്, തമ്പാനൂർ, കിള്ളിപ്പാലം, കരമന എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് 21.821 കി. മീ, 19 സ്റ്റേഷനുകളോടെയാണ് ലൈറ്റ് മെട്രോ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.<br>കോഴിക്കോട് നഗരത്തിൽ മെഡിക്കൽ കോളേജ്, ചേവായൂർ, തൊണ്ടയാട്, കോട്ടൂളി, ന്യൂ ബസ്സ് സ്റ്റാൻഡ്, കെ. എസ്. ആർ. ടി. സി, മാനാഞ്ചിറ, |

പാളയം, റയിൽവേ സ്റ്റേഷൻ, പുഷ്പ, കല്ലായി, പന്നിയങ്കര, വട്ടക്കിണർ, മീഞ്ചന്ത എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് കൊണ്ട് 13.33 കി. മീ, 14 സ്റ്റേഷനുകളോടെയാണ് ലൈറ്റ് മെട്രോ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൽറ്റന്റായി ഡി. എം. ആർ. സി - യെ നിയമിച്ചുകൊണ്ടുള്ള കരാർ 20.01.2016 - ന് ഒപ്പുവച്ചു. തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ സംസ്ഥാന സർക്കാർ 08.09.2016 - ലെ ജി. ഒ. (എം. എസ്) നമ്പർ. 67/2016/പൊ.മ.വ പ്രകാരം 272.84 കോടി രൂപയ്ക്ക് ഭരണാനുമതിയും നൽകി. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ മറ്റൊരു പ്രധാന പ്രാരംഭ പ്രവർത്തനമായ കഴക്കൂട്ടം, കേശവദാസപുരം പാത വികസനത്തിനും 16.01.2017 - ലെ ജി. ഒ. (എം. എസ്) നമ്പർ. 79/2017/പൊ.മ.വ പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കോഴിക്കോട് ലൈറ്റ് മെട്രോയുടെ പ്രധാന പ്രാരംഭ പ്രവർത്തനമായ മാനാഞ്ചിറ, മീഞ്ചന്ത പാത വികസനത്തിനും 28.07.2017 - ലെ ജി. ഒ. (ആർ. ടി) നമ്പർ. 1108/2017/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ നിർവ്വഹണം DMRC യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| ബി) ഗതാഗത തിരക്കേറിയ പ്രദേശങ്ങളിൽ കൂടുതൽ ലൈറ്റ് മെട്രോ പദ്ധതികൾ കൊണ്ട് വരുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) നിലവിൽ ഗതാഗത തിരക്കേറിയ മറ്റു പ്രദേശങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി കൊണ്ടു വരുന്നതിന് തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല. |

സി) കേരളത്തിൽ നിലവിൽ ഏതൊക്കെ പട്ടണങ്ങളിലാണ് ലൈറ്റ് -മെട്രോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

സി) കേരളത്തിൽ തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളിലാണ് ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്.